"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി എന്നീ തസ്തികകളിലുള്ള ഉദ്യോഗസ്ഥർക്ക് റിവേർഷൻ / സ്ഥലംമാറ്റം / നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1340/2025/GAD തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-
1. 21.01.2025 - ലെ സ.ഉ. (സാധാ) നം. 262/2025/പൊ.ഭ.വ.
2. 21.02.2025 - ലെ സ.ഉ. (സാധാ) നം. 264/2025/പൊ.ഭ.വ.
3. 24.02.2025 - ലെ ബഹു. കേരള ഹൈക്കോടതിയുടെ B1 (A)-66969/2019 തീയതിയിലെ നടപടിക്രമം.

**ഉത്തരവ്**

നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയും നെയ്യാറ്റിൻകര അഡീഷണൽ മുൻസിഫ് -I - ഉം ആയിരുന്ന ശ്രീ. ജയകുമാർ റ്റി, നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും പുനലൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് II (Forest Offences) മജിസ്ട്രേറ്റുമായിരുന്ന ശ്രീമതി ലിൻഡ ഫ്ലെച്ചർ, നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറിയും പീരുമേട് മുൻസിഫ് മജിസ്ട്രേറ്റുമായിരുന്ന ശ്രീ. മുരുകേശൻ ബി., എന്നിവരെ ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (3) - ലെ നടപടിക്രമമനുസരിച്ച് 04.03.2025 തീയതി പ്രാബല്യത്തിൽ നിയമ വകുപ്പിലേയ്ക്ക് റിപേടിയേറ്റ് ചെയ്ത് ഉത്തരവായിരുന്നു. ആയതു പ്രകാരം, ശ്രീ. റ്റി. ജയകുമാർ, ശ്രീമതി ലിൻഡ ഫ്ലെച്ചർ എന്നിവർ 05.03.2025 പൂർവ്വാഹ്നത്തിലും, ശ്രീ. മുരുകേശൻ ബി., 11.03.2025 പൂർവ്വാഹ്നത്തിലും നിയമ വകുപ്പിൽ നിയമനം ലഭിക്കുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

(2) മേൽ സൂചിപ്പിച്ച ഉദ്യോഗസ്ഥർക്ക് നിയമനം നൽകുന്നതിനായി നിയമ വകുപ്പിൽ മതിയായ ഒഴിവ് നിലവിലില്ലാത്തതിനാൽ, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി എന്നീ തസ്തികകളിലുള്ള ഉദ്യോഗസ്ഥർക്ക് ചുവടെ സൂചിപ്പിക്കും പ്രകാരം റിവേർഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ജോയിന്റ് സെക്രട്ടറി തസ്തികയിലെ ഏറ്റവും ജൂനിയറായ ശ്രീ. ബൈജു ആർ. എച്ച്. (പെൻ-102265)- നെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്യുന്നു.
2. ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലെ ഏറ്റവും ജൂനിയറായ ശ്രീമതി ചിത്ര പി. എം. (പെൻ-630782) - നെ അണ്ടർ സെക്രട്ടറി തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്യുന്നു.
3. അണ്ടർ സെക്രട്ടറി തസ്തികയിലെ ഏറ്റവും ജൂനിയറായ ശ്രീമതി ഭാവന എസ്. ഭാസി

(പെൻ-379249) - യെ സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്യുന്നു.

(3) നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി എന്നീ തസ്തികകളിലുള്ള ഉദ്യോഗസ്ഥർക്ക് ചുവടെ സൂചിപ്പിക്കും പ്രകാരം സ്ഥലം മാറ്റം / നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

A. 118100-163400 രൂപ ശമ്പള സ്കെയിലിലുള്ള ജോയിന്റ് സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥലംമാറ്റം / നിയമനം

1. ജോയിന്റ് സെക്രട്ടറിയായ ശ്രീ. റ്റി. ജയകുമാർ (പെൻ-293464) - നെ 05.03.2025 പൂർവ്വാഹ്നം പ്രാബല്യത്തിൽ നിയമ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച്, ശ്രീ. ബൈജു ആർ. എച്ച്. - നെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്യുന്നതുമൂലമുണ്ടാകുന്ന ഒഴിവിൽ, നിയമ (സ്യൂട്ട് III) വകുപ്പിന്റെ ജോയിന്റ് സെക്രട്ടറിയായി നിയമിക്കുന്നു.

B. 107800-160000 രൂപ ശമ്പള സ്കെയിലിലുള്ള ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥലംമാറ്റം / നിയമനം

1. ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്തിട്ടുള്ള ശ്രീ. ബൈജു ആർ. എച്ച്. (പെൻ-102265) - നെ , ശ്രീ. കൃഷ്ണൻകുട്ടി ഇ. ബി. - യ്ക്ക് സ്ഥലം മാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ, നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പിന്റെ ഡെപ്യൂട്ടി സെക്രട്ടറിയായി നിയമിക്കുന്നു.
2. ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി ലിൻഡ ഫ്ലെച്ചർ (പെൻ-627340) - നെ 05.03.2025 പൂർവ്വാഹ്നം പ്രാബല്യത്തിൽ നിയമ വകുപ്പിൽ പ്രവേശിപ്പിച്ച്, ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. ആകാശ് രവിയെ അച്ചടക്ക നടപടിയുടെ ഭാഗമായി സസ്പെന്റ് ചെയ്തതിനെ തുടർന്നുണ്ടായ ഒഴിവിൽ, കാസർഗോഡ് കളക്ടേറ്റിൽ ജില്ലാ ലാ ഓഫീസറായി നിയമിക്കുന്നു.
3. സ്ഥലം മാറ്റുന്ന ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. കൃഷ്ണൻകുട്ടി ഇ. ബി.(പെൻ-377847) - യെ ശ്രീമതി ചിത്ര പി. എം. - നെ അണ്ടർ സെക്രട്ടറി തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്യുന്നതുമൂലമുണ്ടാകുന്ന ഒഴിവിൽ, നിയമ (നിയമനിർമ്മാണ എച്ച് & ഐ, പാർലമെന്റ്) വകുപ്പുകളുടെ ഡെപ്യൂട്ടി സെക്രട്ടറിയായി നിയമിക്കുന്നു.

C. 63700-123700 രൂപ ശമ്പള സ്കെയിലിലുള്ള അണ്ടർ സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥലംമാറ്റം / നിയമനം

1. അണ്ടർ സെക്രട്ടറി തസ്തികയിലേക്ക് റിവേർട്ട് ചെയ്തിട്ടുള്ള ശ്രീമതി ചിത്ര പി. എം. (പെൻ-630782) - നെ ശ്രീമതി ഭാവന എസ്. ഭാസി - യെ സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്യുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ, സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടേറ്റിൽ ലാ ഓഫീസറായി നിയമിക്കുന്നു.
2. അണ്ടർ സെക്രട്ടറിയായ ശ്രീ. മുരുകേശൻ ബി. (പെൻ-684442) - യെ 11.03.2025 പൂർവ്വാഹ്നം പ്രാബല്യത്തിൽ നിയമ വകുപ്പിൽ തിരികെ പ്രവേശിപ്പിച്ച്, രജിസ്ട്രേഷൻ ഐ. ജി. ഓഫീസിലെ ലാ ഓഫീസറായി നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

(4) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആർ.റ്റി.സി. പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പിൽ ഹാജരാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നിയമ വകുപ്പ് മുഖേന)
നിയമ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 26-03-2025 11:16:04
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. - ന്
ബഹു. നിയമ വകുപ്പ് മന്ത്രിയുടെ പി.എസ്. - ന്
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ. - യ്ക്ക്
നിയമ വകുപ്പ് സെക്രട്ടറിയുടെ പി. എ. - യ്ക്ക്